## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 423 27.09.2016-ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ബി.സത്യൻ :** | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആറ്റിങ്ങൽ മണ്ഡലമുൾപ്പെടുന്ന പ്രദേശത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മേഖലയാക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ആറ്റിങ്ങൽ മണ്ഡല പരിധിയിലുള്ള സമ്പൂർണ്ണ വൈദ്യുതീകരണ ഗുണഭോക്താക്കളെ കണ്ടെത്തി അതത് സെക്ഷൻ ഓഫീസുകളിൽ കരട് പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. കരട് പട്ടികയിലുള്ള പിഴവുകൾ തിരുത്തി അന്തിമ പട്ടിക 2016 സെപ്റ്റംബർ അവസാനത്തോടെ പ്രസിദ്ധീകരിക്കുന്നതാണ്. |
| (ബി) ഈ പ്രദേശത്തെ എത്ര അപേക്ഷകർക്കാണ് ഇനി വൈദ്യുതി കണക്ഷൻ നൽകുവാനുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ലഭ്യമായ കണക്കുകൾ പ്രകാരം 986 പേർക്കാണ് ഇനി വൈദ്യുതി നൽകാനുള്ളത്. |
| (സി) ആറ്റിങ്ങൽ മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമെന്ന് എന്നത്തേക്ക് പ്രഖ്യാപിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | 2017 മാർച്ച് അവസാനത്തോട് കൂടി സംസ്ഥാനത്തെ എല്ലാ വീടുകളും വൈദ്യുതീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

Hemalatha

**സെക്ഷൻ ഓഫീസർ**